# KERALA CATHOLIC TEACHERS' GUILD

State Committe, P.O.C., PB No.2251, Palarivattom, Kochi - 682 025

| CHIEF PATRON | PATRON | PATRON |
|---|---|---|
| H.G. MAR ANDREWS THAZHATH | RT. REV. DR. CHRISTHUDAS | RT. REV. DR. SAMUEL MAR IRENIOS |
| Metropolitan ArchBp. Thrissur | Aux:BP. Latin Archdiocese, Trivandrum | Aux:BP. Malankara Archdiocese, Trivandrum |


## മാനേജുമെന്റുകളും അദ്ധ്യാപകരും പ്രക്ഷോഭത്തിലേക്ക്

Press Release 05-12-2018

2016 ഡിസംബറിൽ സംസ്ഥാന സർക്കാർ കേരള വിദ്യാഭ്യാസചട്ടങ്ങളിൽ വരുത്തിയ ഭേദഗതികളും വിദ്യാഭ്യാസരംഗത്തുള്ള നയസമീപനങ്ങളും കേരളത്തിലെ എയ്ഡഡ് വിദ്യാഭ്യാസമേഖലയെ പ്രതികൂലമായി ബാധിക്കുകയാണ്.

കേരള വിദ്യാഭ്യാസചട്ടങ്ങളിലെ പുതിയ ഭേദഗതികൾ പ്രകാരം 1979-നു മുമ്പ് സ്ഥാപിതമായ എയ്ഡഡ് വിദ്യാലയങ്ങളിലെ അധിക തസ്തികകളിൽ 50% നിയമനങ്ങളും 1979-ന് ശേഷം സ്ഥാപിതമായ വിദ്യാലയ ങ്ങളിലെ 100% നിയമനങ്ങളും സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്. വിവിധ കോർപ്പറേറ്റ് മാനേജുമെന്റുകൾ, അധികം വരുന്ന തങ്ങളുടെ അദ്ധ്യാപകരെ അതേ മാനേജുമെന്റിനു കീഴിലുള്ള മറ്റു വിദ്യാലയങ്ങളിലേക്ക് മാറ്റി നിയമിക്കുകയാണ്. ഇത് മൂലം സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല. സർക്കാ രിന്റെ പുതിയ നിയന്ത്രണങ്ങൾ ഭരണഘടനയുടെ 30(1) അനുച്ഛേദമനുസരിച്ചുള്ള മത-ഭാഷാ-ന്യൂനപക്ഷ ങ്ങളുടെ വിദ്യാഭ്യാസ അവകാശങ്ങളുടെ ധ്വംസനമാണ്. ഇക്കാര്യം നിരവധി തവണ നിവേദനങ്ങളിലൂടെ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുള്ളതുമാണ്. ഇതു മൂലം 2016-17 മുതൽ നിയമിതരായിട്ടുള്ള ആയി രക്കണക്കിന് അദ്ധ്യാപകരുടെ നിയമനങ്ങൾ തടസ്സപ്പെടുത്തിയിരിക്കുന്നു. അതുപോലെ ശമ്പളം വാങ്ങി ക്കൊണ്ടിരുന്ന അദ്ധ്യാപകരുടെ സ്ഥലം മാറ്റം അംഗീകരിക്കാതെ ശമ്പളം തടഞ്ഞിരിക്കുന്നു.

ഹയർസെക്കൻഡറി മേഖലയിൽ 2014-15 വർഷം അനുവദിച്ചിട്ടുള്ള ബാച്ചുകളിൽ തസ്തിക നിർണ്ണയം ഇനിയും നടത്തിയിട്ടില്ല. ഇതുമൂലം കഴിഞ്ഞ അഞ്ചു വർഷങ്ങളായി സ്ഥിരം അദ്ധ്യാപകരെ നിയമിച്ചിട്ടില്ല.

താത്കാലിക അദ്ധ്യാപകർക്ക് ശമ്പളം കിട്ടുന്നില്ല. ഇത് മനുഷ്യാവകാശങ്ങളുടെ ലംഘനമാണ്. ഹയർസെക്കൻഡറി-ഹൈസ്കൂൾ ഏകീകരണ നീക്കത്തിൽ നിന്ന് സർക്കാർ പിന്മാറണം. വിദ്യാഭ്യാസമേഖ ലയിലെ ഈ കേന്ദ്രീകരണ നടപടി വിദ്യാഭ്യാസ ഗുണമേന്മ ഉറപ്പു വരുത്തുക എന്ന ആശയത്തിന് വിരുദ്ധമാ ണ്.

ഹൃസ്വകാല അവധി ഒഴിവുകളിലെ സർവ്വീസുകൾ 01-04-2016 മുതൽ പെൻഷന് പരിഗണിക്കില്ലെന്ന് സർക്കാർ ഉത്തരവ് 1968 മുതൽ നിലനിന്നിരുന്ന ആനുകൂല്യങ്ങളുടെ നിഷേധമാണ്. ഈ തീരുമാനം നീതിനി ഷേധമാണ്.

ഇക്കാര്യങ്ങൾ സർക്കാരിന്റെയും പൊതു സമൂഹത്തിന്റെയും ശ്രദ്ധയിൽ കൊണ്ടു വരാൻ കേരള കാത്ത ലിക് ടീച്ചേഴ്സ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ മനുഷ്യവകാശദിനമായ ഡിസംബർ 10-ാം തിയതി എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾക്കു മുമ്പിൽ ധർണ നടത്തുകയാണ്. അടുത്ത ഘട്ടമായി ജനുവരി മൂന്നാം വാര ത്തിൽ ആയിരക്കണക്കിന് അദ്ധ്യാപകും മാനേജർമാരും സെക്രട്ടറിയേറ്റിലേക്ക് മാർച്ച് നടത്തും.

**മാർ ആൻഡ്രൂസ് താഴത്ത്, കെസിബിസി വിദ്യാഭ്യസ കമ്മീഷൻ ചെയർമാൻ, ഫാ. ജോസ് കരിവേലിക്കൽ, കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറി, ശ്രീ. സാലു പതാലിൽ, പ്രസിഡന്റ്, കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്, ശ്രീ. ജോഷി വടക്കൻ, സെക്രട്ട റി, കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്, ശ്രീ. ജോസ് ആന്റണി, ട്രഷറർ, കാത്തലിക് ടീച്ചേഴ്സ് എന്നിവർ പത്രസമ്മേളനത്തിൽസപങ്കെടുത്തു.**


| DIRECTOR | PRESIDENT | GENERAL SECRETARY | TREASURER |
|---|---|---|---|
| **Fr. Jose Karivelikkal** | **Salu Pathalil** | **Joshy Vadakkan** | **Jose Antony** |
| P.O.C., P.B. No. 2251<br>Palarivattom, Kochi - 682 025<br>Ph : 0484-2806110, 2805722<br>Mob : 9447319890<br>E-mail: kcbcedu@gmail.com | Pathalil, CNRA - 137<br>Chathyodu Lane,<br>Nalanchira P.O., Tvm - 15<br>Mob : 9447210869<br>E-mail: salupathalil1@gmail.com | Vadakkan House,<br>Annakara P.O.,<br>Thrissur - 680 508<br>Mob : 9446939392<br>E-mail:joshyvadakkan6@gmail.com | Vattathil House<br>East of Arattuvazhy Jn.<br>Alappuzha North P.O.,Alappuzha - 688 007<br>Mob : 9400140107<br>E-mail: joseantonyv@yahoo.com |